**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശീലന കേന്ദ്രത്തിന് പ്രവർത്തിക്കുവാനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെ (GIFT) കെട്ടിടം വാടകയ്ക്കെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.4260/2019/ധന** **തീയതി, തിരുവനന്തപുരം, 06/06/2019**

പരാമർശം 1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11/04/2019 ലെ ഡി.കെ.എസ്.എ 952/ആർ2/2018 നമ്പർ കത്ത്.

**ഉത്തരവ്**

പൂജപ്പുര മുടവൻമുകൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന്റെ വാടക കെട്ടിടത്തിൽ 16000/-രൂപ പ്രതിമാസ വാടക നിരക്കിൽ പ്രവർത്തിച്ചിരുന്ന ഓഡിറ്റ് പരിശീലന കേന്ദ്രത്തിന്റെ കരാർ കാലാവധി 05/02/2018-ൽ അവസാനിച്ച ടി സാഹചര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിശ്ശീലന കേന്ദ്രത്തിന് പ്രവർത്തിക്കുന്നതിന് 40 ട്രൈനീസിനെ ഉൾകൊള്ളുന്ന ക്ലാസ് റൂം സൗകര്യവും(including furniture, logistical, technical support in the class room) ഓഫീസ് സൗകര്യം ഉൾകൊള്ളുന്ന ഗുലാത്തതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെ കെട്ടിടം 25,000 രൂപ (Rs.21,186+GST @ 18% Rs. 3813)നിരക്കിൽ പ്രതിമാസ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ വാടക ഒടുക്കാവൂ എന്നും, സമയാസമയങ്ങളിൽ വാടക കരാർ പുതുക്കുന്നതിനുള്ള നടപടികൾ കൈക്കോള്ളേണ്ടതാണെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിശ്ശീലന കേന്ദ്രത്തിന് പ്രവർത്തിക്കുന്നതിന്

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെ കെട്ടിടം പ്രതിമാസം 25,000 രൂപ (ഇരുപത്തി അയ്യായിരം രൂപ ) വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.ഡി.ഫെറോൾഡ് സേവ്യർ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി ഉത്തരവിൻ പ്രകാരം(ഇ:1176302)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ